കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 12 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 5

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# മകര ജ്യോതി ദർശനം; സന്നിധാനത്ത് പഴുതടച്ച സുരക്ഷയൊരുക്കി പോലീസ്

മകരജ്യോതി ദർശനത്തിനായി സന്നിധാനത്ത് അനുഭവപ്പെടാൻ ഇടയുള്ള ഭക്തരുടെ തിരക്ക് കണക്കിലെടുത്ത് ആവശ്യമായ സുരക്ഷയും ജാഗ്രതയുമൊരുക്കാൻ പോലീസ് സേന സുസജ്ജമായി കഴിഞ്ഞുവെന്ന് ശബരിമല സ്പെഷ്യൽ ഓഫീസർ ഇ എസ് ബിജുമോൻ പറഞ്ഞു. തിരുവാഭരണ ദർശനത്തിനും മകരജ്യോതി ദർശനത്തിനും ശേഷം സന്നിധാനത്തു നിന്നുള്ള അയ്യപ്പ ഭക്തരുടെ തിരികെയുള്ള യാത്ര സുഗമാക്കുന്നതിനായി പഴുതടച്ചുള്ള ക്രമീകരണങ്ങളാണ് സന്നിധാനത്തും പമ്പയിലുമായി പോലീസ് ഒരുക്കിയിട്ടുള്ളത്. സന്നിധാനത്തോട് ചേർന്ന് പാ ിത്താവളത്തും സമീപ ഇടങ്ങളിലുമായി അയപ്പ ഭക്തർ പർണ്ണശാലകൾ കെട്ടി മകരജ്യോതി ദർശനത്തിനായി കാത്തിരിക്കുകയാണ്.

ഇവിടെ വരുന്ന ആളുകളെ സുരക്ഷിതമായി തിരികെ ഇറക്കുന്നതിനായി ര ് പാതകൾ ക്രമീകരിക്കാനാണ് പോലീസ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പാതകളിൽ ചെയ്ത് തീർക്കേ മരാമത്തു ജോലികൾ തീർക്കുന്നതിനായി ദേവസ്വം എൻജിനീയറിംഗ് വിഭാഗവും വാട്ടർ അതോററ്റിയുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തിയിട്ടു ്. കെ എസ് ഇ ബിയുടെ സഹകരണത്തോടെ ഈ പാതകൾ പ്രകാശപൂരിതമാക്കിയിട്ടു ്. പാ ിത്താവളം ജംഗ്ഷനിൽ നിന്നും അന്നദാന മണ്ഡപത്തിന്റെ പിറകിൽ കൂടി പോലീസ് ബാരക്ക് വഴി ബെയിലി പാലത്തിൽ എത്തുന്ന രീതിയിലും പാ ിത്താവളത്തു നിന്നും നൂറ്റെട്ട് പടിക്ക് സമീപം പോലീസ് വയർലെസ് കേന്ദ്രത്തിന്റെ ഭാഗത്തു നിന്നും തിരിഞ്ഞ് ഗസ്റ്റ് ഹൗസുകളുടെ പിറകിൽ കൂടി ട്രാക്ടർ റോഡ് വഴി സന്നിധാനം റോഡിൽ കയറുന്ന രീതിയിലുമാണ് സന്നിധാനത്തു നിന്നുള്ള അയ്യപ്പ ഭക്തരുടെ തിരികെയുള്ള യാത്ര ക്രമീകരിച്ചിട്ടുള്ളത്. മകരജ്യോതി ദർശനത്തിന് ശേഷം സ്വാമി അയ്യപ്പൻ റോഡ് വഴി ഭക്തരുടെ മടക്കയാത്ര സാധ്യമാക്കും. ഈ സമയം ഇതുവഴിയുള്ള ട്രാക്ടർ യാത്രയോ സന്നിധാനത്തേക്കുള്ള യാത്രയോ അനുവദിക്കില്ല. യാത്ര ഒറ്റദിശയിലേക്ക് ക്രമീകരിക്കും. ഇത്തവണ ഉ ാകാൻ ഇടയുള്ള ഭക്തരുടെ തിരക്ക് മുമ്പിൽ ക ് സന്നിധാനത്ത് വിവിധ സെക്ടറുകൾ ഉൾപ്പെടുന്ന ര ് ഡിവിഷനുകളായി തിരിച്ച് ര ് ഐ പി എസ്, എസ് പിമാർക്ക് പ്രത്യേക ചുമതല നൽകിയിട്ടു ്.

പാ ിത്താവളം മുതൽ ബെയിലിപ്പാലം വരെ ഒരു ഡിവിഷനും വടക്കെ നടയും തിരുമുറ്റവും മാളികപ്പുറവുമടങ്ങുന്ന കേന്ദ്രങ്ങൾ മറ്റൊരു ഡിവിഷനുമാണ്.
പാ ിത്താവളം മുതൽ ബെയ്‌ലി പാലം വരെയുള്ള ഡിവിഷന്റെ ചുമതല വയനാട് എസ്.പി. ആർ. ആനന്ദിനും വടക്കേനട തിരുമുറ്റം മാളികപ്പുറം മേഖലയുടെ ചുമതല കോഴിക്കോട് ഡി.സി.പി കെ.ഇ. ബൈജുവിനുമാണ് നൽകിയിരിക്കുന്നത്.

നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ചുമതല ഏൽക്കുകയും ഈ മേഖലകളിൽ എത്തി സ്ഥിതി വിലയിരുത്തുകയും ചെയ്തു. ര ് കമ്പനി പോലീസിനെ അധികമായി സന്നിധാനത്ത് നിയോഗിച്ചിട്ടു ്.

എ.ഡി.ജി.പി. ഉൾപ്പടെയുള്ള ഉന്നത പോലീസുദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ അവസാനവട്ട വിലയിരുത്തലുകൾ നടക്കും. ര ായിരത്തോളം പോലീസുദ്യോഗസ്ഥരെയാണ് സന്നിധാനത്ത് വിന്യസിച്ചിട്ടുള്ളത്. ആറ് ഡിവൈഎസ്പിമാരെയും അധികമായി നിയോഗിച്ചിട്ടു ്. കൂടുതൽ പോലീസിനെ എത്തിക്കേ ി വന്നാൽ അതിനായുള്ള സജ്ജീകരണങ്ങളും ഒരുക്കിയിട്ടു ്. ബോംബ് സ്ക്വാഡ് ഉൾപ്പടെ വിവിധ കമാൻഡോ വിഭാഗങ്ങളും ഇതര സേനാ വിഭാഗങ്ങളും ഭക്തർക്ക് സുഗമമായ മകരജ്യോതി ദർശനത്തിനായുള്ള

സൗകര്യമൊരുക്കാൻ സജ്ജരായി കഴിഞ്ഞു. പർണ്ണശാലകൾ തീർത്ത് മകരജ്യോതി ദർശനത്തിനായി കാത്തിരിക്കുന്ന ഭക്തർ അഗ്നി കൂട്ടി ഭക്ഷണം പാചകം ചെയ്യാൻ പാടില്ലായെന്ന കോടതി നിർദേശവും പാലിക്കുന്നുെ ന്ന് പോലീസ് ഉറപ്പാക്കിയിട്ടു ്.

(പി.ആർ. ശബരി- 272)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.